ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം

നമ്പർ: 4045/2016/ഇ8/ഡിപി    തീയതി: 08.07.2019.

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ് സെക്രട്ടറിയുടെ 05.07.2019-ലെ 112/എച്ച്1/2019/ഉ.വി.വ. നമ്പർ കത്ത്.

2. കേരള സർക്കാരിന്റെ 06.07.2019-ലെ 1497 നമ്പറായിട്ടുള്ള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ് വിജ്ഞാപനം.

## ഉത്തരവ്

അച്ചടി വകുപ്പ് തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) ശ്രീമതി.എ.വീണയ്ക്ക് 01.06.2019-ന് ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേയ്ക്ക്, 20.06.2019-ന് ചേർന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യുടെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പ്ലേറ്റ് മേക്കിംഗ് വിഭാഗം സൂപ്പർവൈസർ ശ്രീ.പി.എ.മുഹമ്മദ് നജീമിനെ, തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) തസ്തികയിലേയ്ക്ക് 36600-79200 രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനെ ടിയാനെ നിയമിക്കപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവി ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാരന്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ ജൂനിയർ സൂപ്രണ്ട്.ഇ. I, ഇ. II/ വെബ്സൈറ്റ്/ഇ4 സീറ്റ്./ഫയൽ./സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.